**EMS MEMORIAL CO-OPERATIVE HOSPITAL & RESEARCH CENTRE**
NABH Accredited and ISO 9001-2015 Certified Multi Super Speciality Hospital
Panambi, **PERINTHALMANNA**-679 322. Ph: 04933-276000, 225751-225755, 353000
e-mail : info@emshospital.org.in, Web : www.emshospital.org.in

# RESTAURANT / CANTEEN നടത്തിപ്പിനായി താൽപര്യപത്രം (EXPRESSION OF INTEREST – EOI) ക്ഷണിക്കുന്നു

പെരിന്തൽമണ്ണ ഇഎംഎസ് സഹകരണ ആശുപത്രിയിലെ റെസ്റ്റോറന്റ് / കാന്റീൻ, രോഗികൾക്കുള്ള ഭക്ഷണ വിതരണം, ടീ/കോഫി സേവനം, കോഫി ഷോപ്പ്, കഫറ്റീരിയ, വിവിധ വെൻഡിംഗ് മെഷീനുകൾ എന്നിവ നടത്തുന്നതിനായി പരിചയസമ്പന്നരും യോഗ്യതയുള്ളവരുമായ വ്യക്തികൾ / സ്ഥാപനങ്ങൾ /ഏജൻസികളിൽ നിന്നും താൽപര്യപത്രം (Expression of Interest - EOI) ക്ഷണിക്കുന്നു.

## 1. കരാർ കാലാവധി

കരാർ കാലാവധി **11 മാസം** ആയിരിക്കും. ഇരു പാർട്ടികളുടെയും പരസ്പര സമ്മതത്തിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി നീട്ടാവുന്നതാണ്.

## 2. സേവനങ്ങളുടെ പരിധി

തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരന്റെ സേവന പരിധിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്:

1. കൊമേഴ്സ്യൽ ബ്ലോക്കിലെ റെസ്റ്ററോറന്റ് / കാന്റീൻ നടത്തിപ്പ്.
2. IP ബ്ലോക്കിലും, ജൂബിലി ബിൽഡിംഗിലും രോഗികളുടെ മുറികളിൽ ഭക്ഷണ വിതരണം നടത്തുക.
3. ഇരു ബ്ലോക്കുകളിലും ടീ / കോഫി വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.
4. ജൂബിലി ബിൽഡിംഗിലെ കോഫി ഷോപ്പും കഫറ്റീരിയയും നടത്തിപ്പ്.
5. സ്നാക്ക്സ്, കുടിവെള്ളം, ജ്യൂസ് തുടങ്ങിയവയ്ക്കുള്ള വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.
6. ആശുപത്രി നിർദ്ദേശിക്കുന്ന മറ്റ് അനുബന്ധ ഭക്ഷണ / പാനീയ സേവനങ്ങൾ നൽകുക.

## 3. പ്രവർത്തന സമയം

- ♦ റെസ്റ്ററോറന്റ് / കാന്റീൻ: രാവിലെ 5.00 മുതൽ രാത്രി 10.00 വരെ.
- ♦ ടീ / കോഫി, സ്നാക്ക്സ് സേവനം: 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.

ആശുപത്രിയുടെ പ്രവർത്തന ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തന സമയത്തിൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം ആശുപത്രിക്ക് ഉണ്ടായിരിക്കും.

## 4. പ്രതിമാസ വാടക

കരാറുകാരൻ GST ഉൾപ്പെടെയുള്ള പ്രതിമാസ വാടക തുക ക്വോട്ട് ചെയ്യേണ്ടതാണ്.

## 5. സെക്യൂരിറ്റി ഡെപ്പോസിറ്റ്

- ♦ 6 മാസത്തെ വാടകയ്ക്ക് തുല്യമായ തുക പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി മുൻകൂറായി നൽകേണ്ടതാണ്.
- ♦ കരാർ കാലാവധി പൂർത്തിയായ ശേഷം, കരാറുകാരന്റെ ഭാഗത്തുനിന്നുള്ള എല്ലാ കുടിശ്ശികകളും ബാധ്യതകളും തീർപ്പാക്കിയതിനുശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

### 6. ബിഡ്ഡർമാർക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

താൽപര്യപ്രകടനം സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം:

1. കുറഞ്ഞത് 300 കിടക്കകളുള്ള ആശുപത്രികളിൽ റെസ്റ്റോറന്റ് / കാന്റീൻ നടത്തിപ്പിൽ കുറഞ്ഞത് 10 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.
2. സാധുവായ ESI രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
3. സാധുവായ GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
4. സാധുവായ PF രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
5. സാധുവായ Labour Registration ഉണ്ടായിരിക്കണം.
6. സാധുവായ FSSAI ലൈസൻസ് ഉണ്ടായിരിക്കണം.
7. ആവശ്യമായ മറ്റ് നിയമപരമായ ലൈസൻസുകളും രജിസ്ട്രേഷനുകളും കരാറുകാരൻ സ്വന്തമായി നേടിയിരിക്കണം.

### 7. മെനു

ഭക്ഷണ സാധനങ്ങളുടെയും പാനീയങ്ങളുടെയും മെനു ആശുപത്രി മാനേജ്മെന്റുമായി ചർച്ച ചെയ്ത് അന്തിമമായി നിശ്ചയിക്കുന്നതാണ്.

### 8. വിലനിർണ്ണയം

ഭക്ഷണ സാധനങ്ങൾക്കും പാനീയങ്ങൾക്കും ബാധകമായ വില ആശുപത്രിയുമായി ചർച്ച ചെയ്ത് നിശ്ചയിക്കാവുന്നതാണ്.

പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച വിലയിൽ പിന്നീട് ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

### 9. ആശുപത്രിയുമായി ബന്ധപ്പെട്ട വ്യക്തികൾ / ജീവനക്കാർക്കുള്ള ഡിസ്കൗണ്ട്

ആശുപത്രിയുമായി ബന്ധപ്പെട്ട വ്യക്തികൾക്കും ഡോക്ടർമാർക്കും ജീവനക്കാർക്കും നൽകുന്ന ഡിസ്കൗണ്ട് നിരക്ക് പ്രത്യേകം quote ചെയ്യേണ്ടതാണ്.

### 10. ലൈസൻസുകളും അനുമതികളും

റെസ്റ്റോറന്റ് / കാന്റീൻ നടത്തിപ്പിനായി പഞ്ചായത്തിൽ നിന്നും മറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ എല്ലാ ലൈസൻസുകളും അനുമതികളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും നേടേണ്ടതാണ്.

### 11. മാലിന്യ സംസ്കരണം

റെസ്റ്റോറന്റ് / കാന്റീൻ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും ശേഖരിക്കുകയും തരംതിരിക്കുകയും നിയമാനുസൃതമായി സംസ്കരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനാണ്.

### 12. രോഗികൾക്കുള്ള ഭക്ഷണ വിതരണം

ആശുപത്രിയിലെ ഡയറ്റീഷ്യന്റെ നിർദ്ദേശപ്രകാരം രോഗികൾക്കുള്ള RT Feed ഉൾപ്പെടെയുള്ള ഭക്ഷണം പ്രത്യേകം തയ്യാറാക്കി, ആവശ്യമായ രീതിയിൽ ഫുഡ് ട്രോളികളിൽ എത്തിച്ച് രോഗികളുടെ മുറികളിൽ വിതരണം ചെയ്യേണ്ടതാണ്.

ഭക്ഷണത്തിന്റെ ഗുണനിലവാരം, ശുചിത്വം, അളവ്, സമയബന്ധിതമായ വിതരണം എന്നിവ ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായിരിക്കും.

### 13. ജീവനക്കാരും ശുചിത്വവും

റെസ്റ്റോറന്റ് / കാന്റീൻ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ കരാറുകാരൻ സ്വന്തം ചെലവിൽ നിയമിക്കേണ്ടതാണ്. ജീവനക്കാരുമായി ബന്ധപ്പെട്ട ശമ്പളം, ESI, PF, Labour നിയമങ്ങൾ, മറ്റ് നിയമപരമായ ബാധ്യതകൾ എന്നിവ കരാറുകാരന്റെ ഉത്തരവാദിത്തമായിരിക്കും.

ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ ശുചിത്വവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്. കാന്റീൻ നടത്തിപ്പിന് ഒരു മാനേജർ, ക്വാളിറ്റി ഓഫീസർ എന്നിവരെ കാന്റീൻ കരാറുകാരൻ നിശ്ചയിക്കേണ്ടതാണ്.

**14. ആശുപത്രിയുടെ അവകാശങ്ങൾ**

ആശുപത്രിയുടെ രോഗികൾക്കും ജീവനക്കാർക്കും സന്ദർശകർക്കും മികച്ച നിലവാരത്തിലുള്ള ഭക്ഷണവും സേവനവും ലഭ്യമാക്കുന്നതിനായി, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സേവനങ്ങളുടെ നിലവാരം പരിശോധിക്കുന്നതിനും ആശുപത്രി മാനേജ്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ആശുപത്രിയുടെ താൽപര്യത്തിന് വിരുദ്ധമായ രീതിയിൽ സേവനം നൽകുകയോ നിബന്ധനകൾ ലംഘിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ, കരാർ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

15. ക്യാന്റീനുമായി ബന്ധപ്പെട്ട Infrastructure സൗകര്യങ്ങൾ കരാർ കാലാവധിയിൽ പരസ്പരം ചർച്ച ചെയ്തു ക്യാന്റീനിന്റെ അകത്തു സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്.

---

## അപേക്ഷ സമർപ്പിക്കൽ

താൽപര്യമുള്ള യോഗ്യതയുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്ന രേഖകളോടൊപ്പം തങ്ങളുടെ EOI / Quotation സമർപ്പിക്കേണ്ടതാണ്:

1. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ / പ്രൊഫൈൽ.
2. 300 കിടക്കകളോ അതിൽ കൂടുതലോ ഉള്ള ആശുപത്രികളിൽ 10 വർഷത്തെ പരിചയം തെളിയിക്കുന്ന രേഖകൾ.
3. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
4. ESI രജിസ്ട്രേഷൻ രേഖ.
5. PF രജിസ്ട്രേഷൻ രേഖ.
6. Labour Registration രേഖ.
7. FSSAI ലൈസൻസ്.
8. മറ്റ് ആവശ്യമായ ലൈസൻസുകൾ / രജിസ്ട്രേഷൻ രേഖകൾ.
9. പ്രതിമാസ വാടക സംബന്ധിച്ച ക്വട്ടേഷൻ.
10. ആശുപത്രി ജീവനക്കാർക്കും ബന്ധപ്പെട്ട വ്യക്തികൾക്കും നൽകുന്ന ഡിസ്കൗണ്ട് നിരക്ക്.
11. മറ്റ് ആവശ്യമായ അനുബന്ധ രേഖകൾ.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 24.08.2026**

**സമയം : 11 AM**

**സ്ഥലം : General Manager, EMS Hospital, Perinthalmanna**